LIBRARY ARCHIVES Kerala Legislative Assembly

പുതിയതായി ആരംഭിച്ച പോലീസ് സ്റ്റേഷനുകൾ

27 (1493) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് 16 ലോക്കൽ പോലീസ് സ്റ്റേഷനുകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

തമ്പാനൂർ പോലീസ് സ്റ്റേഷൻ മന്ദിര നിർമ്മാണം

28 (1494) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം തമ്പാനൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) ഇതിലേക്കായി എത്ര സെന്റ് സ്ഥലമാണ് ട്രിഡയിൽനിന്ന് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന ഏറ്റെടുത്തത് ;

(സി) കെ.പി.എച്ച്.സി.സി. യുടെ ആസ്ഥാന മന്ദിരവും തമ്പാനൂർ പോലീസ് സ്റ്റേഷനും ചേർന്നുള്ള ഈ മന്ദിരത്തിന്റെ നിർമ്മാണം എന്നാരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കുമോ ;

(ഡി) പുതുതായി നിർമ്മിക്കുന്ന ഈ സ്റ്റേഷനിൽ എന്തെല്ലാം ആധുനിക/ ജനസേവന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തമ്പാനൂർ പോലീസ് സ്റ്റേഷൻ കെട്ടിടവും കെ.പി.എച്ച്.സി.സി.-ക്ക് ഓഫീസ് മന്ദിരവും പ്രവർത്തിക്കുവാനുള്ള കെട്ടിടത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നു. കെട്ടിടം നിർമ്മിക്കുന്നതിനായി തറക്കല്ലിടൽ നടത്തിയിട്ടുണ്ട്.

(ബി) 16.20 സെന്റ്.

(സി) കെട്ടിടത്തിന്റെ ഡിസൈൻ തയ്യാറാക്കിയതിനുശേഷം കെട്ടിടം പണിയുന്നതിനാവശ്യമായ തുക സ്വരൂപിച്ചശേഷം മാത്രമേ കെട്ടിടത്തിന്റെ പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾക്കു പുറമേ വിസിറ്റേഴ്സ് മുറി, വനിതാ പോലീസ് കോൺസ്റ്റബിളിന് വിശ്രമ മുറി, വനിതാ ഹെൽപ്പ് ഡെസ്ക്, ജനമൈത്രി കേന്ദ്രം എന്നീ സംവിധാനങ്ങൾ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.